ഉത്തരം

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാധ്യതയുള്ള വരുമാനത്തിൽനിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പ്രഖ്യാപിത പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് കർശന നിർദ്ദേശം നൽകിവരുന്നു. കൂടാതെ, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ സ്പേസ്' സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ

122 (T*4704) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ എന്ന് മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) മുൻകാല പ്രാബല്യം നൽകുന്നകാര്യം പരിഗണിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് 13-7-2015-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 1-7-2014 മുതൽ പരിഷ്കരണം നടപ്പിലാക്കണമെന്നാണ് കമ്മീഷന്റെ ശിപാർശ.

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

123 (4705) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പ്രൊപ്പോസൽ ലഭിച്ചത് ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ധനകാര്യ വകുപ്പിലെ ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് 87682 DEW എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) ആയതിന്റെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 30-4-2015 നാണ് പ്രൊപ്പോസൽ ലഭിച്ചത്.

(ബി) ടി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 7-7-2015-ന് റിമാർക്സ് സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ടി പ്രൊപ്പോസൽ ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പിൽ പരിശോധിക്കുകയും ധന പി.ആർ.സി. (സി) സെക്ഷന്റെ റിമാർക്കിനായി അയയ്ക്കുകയും ടി സെക്ഷന്റെ റീമാർക്സ് പ്രകാരം കൂടുതൽ വിശദീകരണങ്ങളും രേഖകളും ഉൾപ്പെടെ IKM-ന്റെ ഡയറക്ടറുടെയും ഭരണവകുപ്പിന്റെയും പ്രത്യേകമായ അഭിപ്രായങ്ങൾ സഹിതം വിശദമായ പ്രൊപ്പോസൽ അയയ്ക്കുവാനായി 7-7-2015-ന് തദ്ദേശ സ്വയംഭരണ വകുപ്പിന് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപ്പ് ഫയലായി ഇൻഫർമേഷൻ കേരള മിഷന്റെ സ്പെഷ്യൽ റൂൾസും ശമ്പളഘടനയും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ഇ. കെ. പ്രകാശ് ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ആണുള്ളത്. IKM പ്രൊപ്പോസൽ ഇല്ല (136 പേജ്). കുറിപ്പ് ഫയലിന്റെ പകർപ്പ് (17 പേജ്) ലഭ്യമാക്കുന്നു.

സംസ്ഥാനത്തിന്റെ പൊതുകടം

124 (4706) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(ബി) 2015 ജൂൺ 30 ന് സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly